"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- 2019 ലെ പ്രളയത്തിൽ ധനസഹായം തെറ്റായ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായത് കാരണം തുക ലഭിക്കാത്ത പട്ടാമ്പി താലൂക്കിലെ 2 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.818/2024/DMD തീയതി,തിരുവനന്തപുരം, 28-10-2024

---

പരാമർശം:- 1. സഉ(സാധാ)നം.39/2024/ഡിഎംഡി തീയതി 11/01/2024

2. പാലക്കാട് ജില്ലാകളക്ടറുടെ 20/06/2024 ലെ DCPKD/6736/2021-J8 നമ്പർ കത്ത്

**ഉത്തരവ്**

2019 ലെ പ്രളയത്തിൽ ധനസഹായം തെറ്റായ അക്കൗണ്ടിൽ ക്രെഡിറ്റ് ആയത് കാരണം തുക ലഭിക്കാത്ത പട്ടാമ്പി താലൂക്കിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് പാലക്കാട് ജില്ലാകളക്ടർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 34 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ച് പരാമർശം(1) ലെ ഉത്തരവ് പ്രകാരം ധനസഹായം അനുവദിക്കുകയുണ്ടായി.

2019 ലെ പ്രളയത്തിൽ അനുവദിച്ച ധനസഹായം തെറ്റായ അക്കൌണ്ടിൽ ക്രെഡിറ്റായത് കാരണം തുക ലഭിക്കാത്ത പട്ടാമ്പി താലൂക്കിലെ 6 ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ചതിൽ വീടിന്റെ നാശനഷ്ടത്തിനുള്ള ധനസഹായത്തിന് അർഹതയുള്ള സൈനബ, മൊയ്തീൻ എന്നിവർക്ക് ധനസഹായം അനുവദിക്കാമെന്ന് പാലക്കാട് ജില്ലാകളക്ടർ പരമാർശത്തിലെ കത്ത് പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ലെ പ്രളയത്തിൽ വീടിന്റെ നാശനഷ്ടത്തിനുള്ള തുക അക്കൗണ്ട് കറക്ഷൻ കാരണം ലഭിക്കാത്ത ശ്രീമതി.സൈനബ, ശ്രീ.മൊയ്തീൻ എന്നിവർക്ക് ചുവടെ കാണുന്ന പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാശ നഷ്ടം | SDRF | CMDRF | ആകെ തുക | അക്കൗണ്ട് നമ്പർ & IFSC |
|---|---|---|---|---|---|---|
| 1 | ശ്രീമതി.സൈനബ<br>തൊളിരിക്കപ്പള്ളിയാലിൽ<br>സയ്യിദ് ഹാജി നഗർ പട്ടാമ്പി | 16-29% | 28,500 | 31,500 | 60,000 | A/C-14120100125608<br>IFSC-FDRL0001412 |
| | ശ്രീ.മൊയ്തീൻ | | | | | A/C-11850100194740 |

| | | | | | | |
|---|---|---|---|---|---|---|
| 2 | കൈപ്പൻഞ്ചേരി തൊടി നെട്ടംഗോട്ടൂർ(പിഒ) തിരുവേഗപ്പുര | 30-59% | 47,500 | 77,500 | 1,25,000 | IFSC-FDRL0001185 |
| | ആകെ | | 76,000 | 1,09,000 | 1,85,000 | |

സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വിഹിതമായ 76,000/- രൂപ (എഴുപത്തി ആറായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-113-99 F -Repair to house എന്ന ശീർഷകത്തിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) TPA-701010200000080 അക്കൗണ്ടിൽ വകയിരുത്തി നല്കേണ്ട നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതും, ധനകാര്യ (ഫണ്ട്സ്) വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതമായ 1,09,000/- രൂപ (TPA-701010200000080 അക്കൗണ്ടിൽ നിന്നും) കൂടി ചേർത്ത് ആകെ 1,85,000/- രൂപ (ഒരു ലക്ഷത്തി എൺപത്തിയയ്യായിരം രൂപ മാത്രം) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി വിതരണം ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ, പാലക്കാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
ധനകാര്യ(ഫണ്ട്സ്)വകുപ്പ്
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 29-10-2024 10:58:58

സെക്ഷൻ ഓഫീസർ